**കേരളസർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിൽ കമ്പ്യൂട്ടറുകളും മറ്റ് ഫർണിച്ചറുകളും വാങ്ങിയതുമായി ബന്ധപ്പെട്ട് ധനകാര്യപരിശോധനാ വിഭാഗം കണ്ടെത്തിയ ക്രമക്കേടുകൾ - ഇരിട്ടി മുൻ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, ശ്രീ.സി.നാരായണൻ (റിട്ടയേർഡ്)ന് എതിരായ അച്ചടക്ക നടപടി തീർപ്പാക്കിയത്- സസ്പെൻഷൻ കാലം ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 3056/2013/തസ്വഭവ, തിരുവനന്തപുരം,തീയതി, 12.12.2013**

---

പരാമർശം:-1. സ.ഉ.(സാധാ) നമ്പർ 3411/2009/തസ്വഭവ, തീയതി 22.12.2009.
2 സ.ഉ.(സാധാ) നമ്പർ 2613/2013/തസ്വഭവ, തീയതി 26.10.2013.
3. ശ്രീ.സി.നാരായണൻ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (റിട്ടയേർഡ്)-ന്റെ 10.06.2013, 31.10.2013 എന്നീ തീയതികളിലെ അപേക്ഷകൾ.

## <u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടറുകളും മറ്റ് ഫർണിച്ചറുകളും വാങ്ങിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.സി.നാരായണനെ അച്ചടക്ക നടപടിക്ക് വിധേയമായി സർവ്വീസിൽ നിന്നും സർക്കാർ സസ്പെന്റ് ചെയ്യുകയുണ്ടായി. എന്നാൽ ടിയാൻ സസ്പെൻഷനിലായിരിക്കുമ്പോൾ തന്നെ 31.03.2010 തീയതിയിൽ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു.

തുടർന്ന് ശ്രീ.നാരായണനെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടി, ഇരിട്ടി ബ്ലോക്കിൽ കമ്പ്യൂട്ടറുകളും ഫർണീച്ചറുകളും വാങ്ങിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സർക്കാരിന് സംഭവിച്ച നഷ്ടത്തിന്റെ പകുതി തുകയായ 45,281/ രൂപയും അതിന്റെ 17.03.2008 മുതലുള്ള 18% പലിശയും ടിയാന്റെ DCRG- യിൽ നിന്നും റിക്കവറി ചെയ്യുന്നതിന് പൂർണ്ണസമ്മതമാണെന്നുള്ള ടിയാന്റെ Indemnity bond-ലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിലും, ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിലും, കേരള സർവ്വീസ് ചട്ടങ്ങൾ പാർട്ട് IIIലെ റൂൾ (3) പ്രകാരം ശ്രീ.നാരായണന്റെ DCRG- യിൽ നിന്നും കുറവ് ചെയ്തുകൊണ്ട് പരാമർശം (2)

പ്രകാരം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടിയാന്റെ DCRG ഉൾപ്പെടെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ അക്കൗണ്ടന്റ് ജനറൽ റിലീസ് ചെയ്തു കൊടുക്കുന്നില്ലായെന്നും, ആയതിനാൽ ടിയാന്റെ സസ്പെൻഷൻ റഗുലറൈസ് ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (3) പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഇരിട്ടിബ്ലോക്കിലെ റിട്ടയേർഡ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ശ്രീ.സി.നാരായണന്റെ 22.12.2009 മുതൽ 31.03.2010 വരെയുള്ള സസ്പെൻഷൻ കാലം ശമ്പളവും, അലവൻസുകളും ഉപജീവന ബത്തയിൽ പരിമിതപ്പെടുത്തിക്കൊണ്ട്, മറ്റെല്ലാ കാര്യത്തിനും ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗ്രാമവികസന കമ്മീഷണർ ഇക്കാര്യത്തിൽ ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.എൽ.സുരേഷ്കുമാർ**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.സി.നാരായണൻ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (റിട്ടയേർഡ്), ഇരിട്ടി ബ്ലോക്ക്
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (എബി) വകുപ്പ്, (ഫയൽ നം.73926/എബി2/2009/തസ്വഭവ പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തൃശ്ശൂർ ബ്രാഞ്ച്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ